**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 161** **01-07-2026-ൽ മറുപടിയ്ക്ക്**

**<u>വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. രാജൻ
ശ്രീ. കെ. കെ. വത്സരാജ്
ശ്രീ. സി. അജയപ്രസാദ്

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** തുറമുഖ വികസന മേഖലയിൽ രാജ്യത്ത് ഒരു സംസ്ഥാന സർക്കാർ നടത്തുന്ന ഏറ്റവും വലിയ മൂലധനനിക്ഷേപ പദ്ധതിയായി വിഴിഞ്ഞം തുറമുഖ പദ്ധതി മാറിയിട്ടുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്ത് നിർമ്മാണം ആരംഭിച്ച വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം വികസന മേഖലയിൽ രാജ്യത്ത് ഒരു സംസ്ഥാന സർക്കാർ നടത്തിയിട്ടുള്ള ഏറ്റവും വലിയ മൂലധന നിക്ഷേപ പദ്ധതികളിലൊന്നാണ്. നാളിതുവരെ **3764.54** കോടി രൂപയാണ് ഈ പദ്ധതിക്കായി സംസ്ഥാന സർക്കാർ ചെലവഴിച്ചിട്ടുള്ളത്. ഒന്നാം ഘട്ടത്തിൽ കേന്ദ്ര സർക്കാർ **817.80** കോടി രൂപയും അദാനി കമ്പനി **2454** കോടി രൂപയും മുതൽ മുടക്കിയിട്ടുണ്ട്. കൂടാതെ, തുടർ ഘട്ടങ്ങൾക്കായി ഏകദേശം **19000** കോടി രൂപയോളം മുതൽ മുടക്കുമെന്നാണ് അദാനി കമ്പനി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. വിഴിഞ്ഞം ട്രാൻസ്ഷിപ്മെന്റ് ടെർമിനലിനെ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളുമായി ബന്ധിപ്പിക്കുന്നതിനും ഗതാഗത ബന്ധം മെച്ചപ്പെടുത്തുന്നതിനുമായി ബാലരാമപുരം-വിഴിഞ്ഞം ഭൂഗർഭ റയിൽ, വിഴിഞ്ഞം നാവായിക്കുളം ഔട്ടർ റിംഗ് റോഡ്, ക്ലോവർ ലീഫ് റോഡ് എന്നിവ അതിവേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

**(ബി)** പ്രസ്തുത തുറമുഖത്തിന്റെ രണ്ടാം ഘട്ട വികസന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനോടൊപ്പം അനുബന്ധ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, റെയിൽ മാർഗ്ഗമുള്ള ചരക്കുനീക്കം സാധ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** വിഴിഞ്ഞം പദ്ധതിയുടെ തുടർച്ചയായി റെയിൽവേ പാലം, തുരങ്ക പാത, റോഡുകൾ എന്നിവ പൂർത്തിയാകുന്നതോടെ ചരക്ക് ഗതാഗത മേഖലയിൽ വലിയ വളർച്ച പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** വിഴിഞ്ഞം പദ്ധതിക്കായി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച നടപ്പിലാക്കിയ വികസന പദ്ധതിയുടെ തുടർപ്രവർത്തനം ഉറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

**മറുപടി:** മത്സ്യബന്ധന മേഖലയ്ക്കായി വിഴിഞ്ഞത്ത് ഒരു ഫിഷിംഗ് ഹാർബർ കൂടാതെ, ഈ പദ്ധതികൾക്ക് ഏകോപിതമായ ചട്ടക്കൂട് ഒരുക്കുന്നതിനായി, വിഴിഞ്ഞം ഉൾപ്പെടെയുള്ള തുറമുഖങ്ങളുടെ പരിസരങ്ങളിൽ തുറമുഖ കേന്ദ്രീകൃത വികസന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനുമായി കേരള സർക്കാർ 'മിഷൻ സമുദ്ര' എന്ന സമഗ്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. വിഴിഞ്ഞത്തെ ആഗോള നിലവാരമുള്ള സമുദ്ര, ലോജിസ്റ്റിക്സ്, വ്യവസായ, വാണിജ്യ കേന്ദ്രമായി വികസിപ്പിക്കുന്നതിനൊപ്പം സുസ്ഥിര വികസനവും പ്രാദേശിക ജനവിഭാഗങ്ങളുടെ ജീവിത നിലവാരവും മെച്ചപ്പെടുത്തുക എന്നതാണ് മിഷൻ സമുദ്രയുടെ ലക്ഷ്യം.

**(ഇ)** വിഴിഞ്ഞം പദ്ധതിയിലൂടെ പ്രദേശവാസികളുടെ തൊഴിലവസരങ്ങളും ജീവിത നിലവാരവും എത്രമാത്രം അഭിവൃദ്ധിപ്പെടുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**മറുപടി:** വിഴിഞ്ഞം പദ്ധതിയിലൂടെ പ്രദേശവാസികളുടെ തൊഴിലവസരങ്ങളും ജീവിത നിലവാരവും വലിയ തോതിൽ അഭിവൃദ്ധിപ്പെടുന്നതാണ്. വിഴിഞ്ഞം തുറമുഖാധിഷ്ഠിത പ്രാദേശിക വികസന പദ്ധതികൾ വിഭാവനം ചെയ്യുന്നതോടൊപ്പം അതുമൂലമുണ്ടാകുന്ന സമഗ്ര വികസനവും, തൊഴിലവസരങ്ങളും സംബന്ധിച്ച് കണക്കുകളും വിലയിരുത്തലുകളും നടത്തുവാൻ സാധിക്കുന്നതാണ്. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖം നിലവിൽ പൂർണ്ണമായും ഒരു ട്രാൻഷിപ്മെന്റ് ഹബ് ആയി ആണ് പ്രവർത്തിക്കുന്നത്. റോഡ് മാർഗമുള്ള Ex-Im ചരക്ക നീക്കം ആരംഭിക്കുന്നതോട് കൂടി കൈകാര്യം ചെയ്യുന്ന ഓരോ TEU കണ്ടെയ്നറുകൾക്കും 5 ലേറെ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെടുമെന്ന് വിലയിരുത്തിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ സമ്പദ്ഘടനയ്ക്കും തദ്ദേശീയർക്കും കൂടുതൽ നേട്ടമുണ്ടാക്കുവാൻ Gateway (Ex-Im) കാർഗോ നീക്കം എത്രയും വേഗം ആരംഭിക്കുന്നതിനായുള്ള നടപടികൾ സർക്കാർ കൈകൊണ്ടു വരുന്നു. ഇതിനായി മിഷൻ സമുദ്ര എന്ന പദ്ധതിയുടെ ജില്ലാതല ഘടകം ലക്ഷ്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്നതാണ്. ഇതിലൂടെ തദ്ദേശവാസികൾക്ക് നിരവധി തൊഴിലവസരങ്ങൾ ലഭ്യമാവുകയും തദ്വാര അവരുടെ ജീവിത നിലവാരം മെച്ചപ്പെടുകയും ചെയ്യുന്നതാണ്. ടി പ്രദേശത്ത് നിരവധി അടിസ്ഥാന സൗകര്യ വികസന പദ്ധതികളും സർക്കാർ നടപ്പിലാക്കി വരുന്നുണ്ട്. ഫിഷറീസ്, KWA, KSEB, PWD, LSGD മുതലായ വകുപ്പുകൾ ഇതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കി വരുന്നു. തുറമുഖത്തിന്റെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്ന വിവിധ വികസന സാദ്ധ്യതകൾ പരിശോധിക്കുന്ന തിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ഒരു കൺസൽട്ടന്റിനെ ട്രാൻസാക്ഷൻ അഡ്വൈസറായി കണ്ടെത്തികഴിഞ്ഞു. അതിൻ പ്രകാരം വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനോടൊപ്പം വിഴിഞ്ഞ ത്തെയും സമീപ പ്രദേശങ്ങളിലെയും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

**(എഫ്)** അസാപിന്റെ ആഭിമുഖ്യത്തിലുള്ള 'വിഴിഞ്ഞം സ്കിൽ ഡെവലപ്പ്മെന്റ് സെന്റർ' തീരദേശ മേഖലയിലെ യുവജനങ്ങൾക്ക് തൊഴിൽ സാധ്യതകൾ തുറന്നിടുന്ന വലിയ കേന്ദ്രമായി മാറിയിട്ടുണ്ടോ; വിശദമാക്കാമോ?

**മറുപടി:** തുറമുഖവുമായി ബന്ധപ്പെട്ടതും മറ്റ് വിവിധ തൊഴിലുകളിലും തൊഴിലന്വേഷകരുടെ പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനായി Additional Skill Acquisition Programme (ASAP) ന്റെ നൈപുണ്യ പരിശീലന കേന്ദ്രത്തിൽ തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെ യുള്ളവയിൽ പരിശീലനം നൽകുകയും പരിശീലനം പൂർത്തീകരിക്കുന്ന യോഗ്യരായവർക്ക് വിവിധ തുറമുഖങ്ങളിൽ തൊഴിൽ

ലഭ്യമാകുന്നതുമാണ്. ട്രക്ക് ഓപ്പറേറ്റർ കോഴ്സ്, ലാസ്കർ കോഴ്സ് പൂർത്തിയാക്കിയ വർക്ക് തുറമുഖത്തിൽ ജോലി നൽകിയിട്ടുണ്ട്. നിലവിൽ ജനറൽ ഡ്യൂട്ടി അസിസ്റ്റന്റ് (നഴ്സിംഗ് അസിസ്റ്റന്റ്), ഡൊമസ്റ്റിക് ഡേറ്റ എൻട്രി ഓപ്പറേറ്റർ എന്നീ കോഴ്സുകൾ ASAP ൽ നടത്തി വരുന്നുണ്ട്. തുറമുഖാധിഷ്ഠിത കോഴ്സുകളുൾപ്പെടെയുള്ള കൂടുതൽ കോഴ്സുകൾ ASAP ഉം Adani Skill Development Centre (ASDC) യും ചേർന്ന് നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**